**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4843** **02-07-2024 - ൽ മറുപടിയ്ക്ക്**

**എസ്.സി., എസ്.ടി. പ്രമോട്ടർമാരുടെ സേവന കാലാവധി വർദ്ധിപ്പിക്കുന്നതിനുള്ള നടപടി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.മോഹനൻ | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ താല്ക്കാലികമായി നിയമിക്കപ്പെടുന്ന എസ്.സി., എസ്.ടി. പ്രമോട്ടർമാരുടെ സേവന കാലാവധി ഒരു വർഷമായി നിജപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | 20.05.2023-ലെ സ.ഉ.(കൈ)നം.12/2023/ പജപവവിവ പ്രകാരം പട്ടികജാതി പ്രൊമോട്ടർമാരുടെ പരമാവധി സേവന കാലാവധി രണ്ടു വർഷമാണ് . നിയമിക്കപ്പെടുന്ന പട്ടികജാതി പ്രൊമോട്ടർമാരുടെ ഒരു വർഷത്തെ സേവനം തൃപ്തികരമാണെങ്കിൽ അത് സംബന്ധിച്ച് ബന്ധപ്പെട്ട പട്ടികജാതി വികസന ഓഫീസറുടെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് ഒരു വർഷത്തേക്ക് കൂടി സേവന കാലയളവ് ദീർഘിപ്പിച്ച് നൽകേണ്ടത്. |
| (ബി) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള പദ്ധതികളെയും ആനുകൂല്യങ്ങളെയും കുറിച്ച് പ്രമോട്ടർമാർ വിവരശേഖരണം നടത്തി പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ ശ്രമിക്കുമ്പോഴേക്കും കാലാവധി അവസാനിക്കുന്നത് പദ്ധതി നിർവ്വഹണത്തിൽ പ്രതിസന്ധി സൃഷ്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നിലവിലുള്ള പ്രൊമോട്ടർമ്മാരുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് തന്നെ പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന പ്രൊമോട്ടർമാരെ നിയമിക്കുന്ന തരത്തിൽ സമയ ബന്ധിതമായി തെരഞ്ഞെടുപ്പ നടപടികൾ പൂർത്തീകരിക്കാറുണ്ട്. കൂടാതെ പുതുതായി നിയമിക്കപ്പെടുന്ന പ്രൊമോട്ടർമാർക്ക് കില മുഖേന പരിശീലനം നൽകി വരുന്നതിനാൽ പദ്ധതി നിർവഹണത്തിൽ തടസ്സം നേരിടുന്നില്ല. |
| (സി) | പ്രസ്തുത പ്രതിസന്ധി ഒഴിവാക്കുന്നതിന് എസ്.സി., എസ്.ടി. പ്രമോട്ടർമാരുടെ താല്ക്കാലിക നിയമന കാലാവധി മൂന്നു വർഷത്തേക്കെങ്കിലും വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കുമോ? | (സി) | എസ്.സി./ എസ്.ടി. പ്രമോട്ടർമാരുടെ താല്ക്കാലിക നിയമന കാലാവധി മൂന്നു വർഷമായി ഉയർത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ